# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/234/2017 2017 നവംബർ 07

## പത്രക്കുറിപ്പ്

**എം.ജി. മൂല്യനിർണ്ണയം: 13 മുതൽ 25 വരെ യു.ജി. / പി.ജി. ക്ലാസ്സുകൾക്ക് അവധി**

മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ രണ്ടും മൂന്നും അഞ്ചും സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകളുടെ മൂല്യനിർണ്ണയം നവംബർ 13 മുതൽ 25 വരെ എട്ടു മേഖലാ ക്യാമ്പുകളിലായി നടത്തും. ഈ ദിവസങ്ങളിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ അഫിലിയേറ്റഡ് കോളേജുകളിൽ യു.ജി./പി.ജി. ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല. സർവ്വകലാശാലാ പരീക്ഷകളും ഈ കാലയളവിൽ നടത്തുന്നതല്ല. ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ പ്രിൻസിപ്പൽമാർ ഒഴികെ എല്ലാ അദ്ധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ വീഴ്ച കൂടാതെ ഹാജരാകേണ്ടതാണ്. മൂല്യനിർണ്ണയ ക്യാമ്പിൽ അദ്ധ്യാപകരുടെ പങ്കാളിത്തം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതുമാണ്. മൂല്യനിർണ്ണയ ക്യാമ്പുകളിൽ സിൻഡിക്കേറ്റ് സമിതി സന്ദർശിക്കുകയും സർവ്വകലാശാലാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്യാമ്പിൽ പങ്കെടുക്കാത്തവരും മൂല്യനിർണ്ണയത്തിൽ സഹകരിക്കാത്തവരുമായ അദ്ധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും പേരിൽ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതുമാണ്.

**എം.ജി. പി.ജി. ഏകജാലകം: മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത നേടിയവർ ഇന്ന് (നവംബർ 8) വൈകുന്നേരം നാലു മണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017ൽ പി.ജി. പ്രവേശനത്തിനുള്ള മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. മൂന്നാം ഫൈനൽ അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച്, അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഇന്ന് (നവംബർ 8) വൈകുന്നേരം നാലു മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇപ്രകാരം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബയോടെക്നോളജി (സി.ബി.സി.എസ്.എസ്. – റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 9 മുതൽ ഡിസംബർ 1 വരെ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബയോടെക്നോളജി (സി.ബി.സി.എസ്.എസ്. – റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 9 മുതൽ 29 വരെ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്.സി. മൈക്രോബയോളജി (സി.ബി.സി.എസ്.എസ്.) ബിരുദപരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 9 മുതൽ 30 വരെ ബന്ധപ്പെട്ട കോളേജുകളിൽവച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും**

ആറാം സെമസ്റ്റർ എം.സി.എ. (അഫിലിയേറ്റഡ് കോളേജിലെയും സി.പി.എ.എസ്. കേന്ദ്രങ്ങളിലെയും 2014 അഡ്മിഷൻ റഗുലർ/2012 & 2013 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ലാറ്ററൽ എൻട്രി & 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും നവംബർ 13 മുതൽ 22 വരെ ബന്ധപ്പെട്ട കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

**പരീക്ഷാഫലം**

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ടെക്സ്റ്റയിൽസ് ആന്റ് ഫാഷൻ, നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (പി.ജി. സി.എസ്.എസ്. - റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. എച്ച്.എം. ആന്റ് ടി (റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 18 വരെ അപേക്ഷിക്കാം.

**ദുരന്തനിവാരണ ബോധവത്ക്കരണ ക്ലാസ്സ്**

സംസ്ഥാനത്തെ എല്ലാ ജില്ലയിലും ഭിന്നശേഷി വിഭാഗക്കാർക്ക് ദുരന്തനിവാരണ ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടിയും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും ചേർന്ന് റവന്യൂ, സാമൂഹിക ക്ഷേമം എന്നീ വകുപ്പുകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി ഏകദിന ബോധവത്ക്കരണ പരിപാടി നടത്തി. സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടി മെമ്പർ സെക്രട്ടറി ഡോ. ശേഖർ ലൂക്കോസ്, തിരുവനന്തപുരം അസി. കളക്ടർ അനുപം മിശ്ര, ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**വി.സി. ഹാരിസ് വൈജ്ഞാനിക സദസ്സ് ഇന്നു മുതൽ (നവംബർ 8)**

പ്രമുഖ നിരൂപകനും ചിന്തകനും സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടറുമായിരുന്ന ഡോ. വി. സി. ഹാരിസിന്റെ സ്മരണാർത്ഥം രണ്ടു ദിവസം നീണ്ടുനിൽക്കുന്ന വൈജ്ഞാനിക സദസ്സ് എം. ജി. സർവ്വകലാകാലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സ് നവംബർ 8, 9 തീയതികളിൽ സംഘടിപ്പിക്കുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഇന്ന് (നവംബർ 8) രാവിലെ 10 മണിക്കു സദസ്സ് ഉദ്ഘാടനം ചെയ്യും. കെ. എം. കൃഷ്ണന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ അഡ്വ. കെ. സുരേഷ് കുറുപ്പ് അതിഥിയാവും.

തുടർന്ന് ഹാരിസിന്റെ കലാസാഹിത്യസാംസ്കാരിക സംഭാവനകളെപ്പറ്റി സ്കറിയാ സക്കറിയ, മീന റ്റി. പിള്ള, സി. എസ്. വെങ്കിടേശ്വരൻ, ടി. എം. യേശുദാസൻ എന്നിവർ സംസാരിക്കും. ഉച്ചയ്ക്കു ശേഷം ഹാരിസിന്റെ ഇടപെടലുകളെപ്പറ്റിയുള്ള പാനൽ ചർച്ചയാണ്. കെ. ഷെറഫുദീൻ, സണ്ണി എം. കപിക്കാട്, എസ്. ജോസഫ്, ഷാജി ജേക്കബ്, മനോജ് കുറൂർ, എം. ആർ. രേണുകുമാർ, എം. ബി. മനോജ്, ചെറി ജേക്കബ് എന്നിവർ പങ്കെടുക്കും. ഉമർ തറമേൽ മോഡറേറ്ററാവും. വൈകിട്ട് 6ന് ഫിലിം സ്ക്രീനിംഗ്. സ്കൂൾ ഓഫ് ലെറ്റേഴ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ 'ബൈറ്റ്സ് ഓൺ ഹാരിസ്' എന്ന ഡോക്യുമെന്ററിയും അജു കെ. നാരായണൻ സംവിധാനം ചെയ്ത 'ക്രാപ്പും കുറുപ്പും' എന്ന ഹ്രസ്വസിനിമയും പ്രദർശിപ്പിക്കും.

നവംബർ 9നു രാവിലെ പത്തു മണിക്കു നടക്കുന്ന സമ്മേളനത്തിൽ സി. ബി. സുധാകരൻ, എം. വി. നാരായണൻ, കെ. എം. ഷെറീഫ്, പി. ബാലചന്ദ്രൻ, ജോസി ജോസഫ് എന്നിവർ സംസാരിക്കും. ഉച്ചയ്ക്കു ശേഷം നടക്കുന്ന പാനൽ ചർച്ചയിൽ ബീനാ പോൾ, അൻവർ അലി, സത്യപാൽ, കെ. എം. അനിൽ, കെ. പി. ജയകുമാർ, എ. എം. ഗീവർഗീസ്, കെ. വി. ശശി, അജയ് ശേഖർ, ജെയ്സൺ ജോസഫ്, അൻവർ അബ്ദുള്ള, രേഖാരാജ്, ബിജുലാൽ എന്നിവർ പങ്കെടുക്കും. കെ. എം. സീതി ചർച്ച മോഡറേറ്റ് ചെയ്യും.

**എം.ജി.യിൽ അന്തർദ്ദേശീയ ക്ലിനിക്കൽ മെഡിസിൻ കോൺഫറൻസ് (ICECM - 2017) നവംബർ 10 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയുടെ അഭിമുഖ്യത്തിൽ നവംബർ 10, 11, 12 തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ വച്ച്, അന്താരാഷ്ട്ര

ക്ലിനിക്കൽ മെഡിസിൻ കോൺഫറൻസ് (ICECM - 2017) നടത്തപ്പെടുന്നു. അലോപ്പതി മുതൽ ഹോമിയോപ്പതി വരെയും, നാച്ചുറോപ്പതി മുതൽ യുനാനി വരെയുമുള്ള വ്യത്യസ്ത ചികിത്സാ രീതികളിലെ നവീന പ്രവണതയെ അധികരിച്ച്, ലോകപ്രശസ്ത ഡോക്ടർമാരും, ശാസ്ത്രജ്ഞരും പ്രബന്ധങ്ങൾ അവതരിപ്പിക്കും. യു.എസ്.എ., ജർമ്മനി, ഓസ്ട്രേലിയ, യു.കെ., ബ്രസീൽ, ഫ്രാൻസ്, മലേഷ്യ, സൗത്ത് കൊറിയ, ബംഗ്ലാദേശ്, സൗത്ത് ആഫ്രിക്ക, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ള ക്ലിനിക്കൽ മെഡിസിൻ പ്രഗത്ഭരും, ഭാരതത്തിന്റെ വിവിധ ഭാഗത്തുള്ള പാരമ്പര്യ ചികിത്സാ വിദഗ്ദ്ധരും പഠനശിബിരത്തിൽ പങ്കെടുക്കും. കോൺഫറൻസിന്റെ ഭാഗമായി പഴകിയ കൊടിഞ്ഞി, തലവേദന, നടുവു വേദന തുടങ്ങിയവയ്ക്കുള്ള, ഔഷധങ്ങളുപയോഗിക്കാത്ത ''ഡൈനാമിക് ടച്ച്'' വേദന ചികിത്സാ ക്യാമ്പും ഉണ്ടായിരിക്കുന്നതാണ്. കോൺഫറൻസ്, വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, IIUCNN ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9747036236.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**